LIBRARY ARCHIVES Kerala Legislative Assembly

പുറംപോക്ക് ഭൂമി കൈവശക്കാർക്ക് പട്ടയം

5 [3175] ശ്രീ. കെ. രാധാകൃഷ്ണൻ:

,, കെ. കെ. ജയചന്ദ്രൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുറംപോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആർക്കെങ്കിലും പട്ടയം നൽകിയിട്ടുണ്ടെങ്കിൽ ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഭൂരഹിതരായ കൈവശക്കാരുടെ എത്ര അപേക്ഷകൾ ഓരോ ജില്ലയിലും കുടിശ്ശികയുണ്ടെന്ന് പറയാമോ;

(ഡി) ഭൂരഹിതരായ പുറംപോക്ക് ഭൂമി കൈവശക്കാർക്ക് പട്ടയം നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1964-ലെ കേരളാ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 1995-ലെ 566/95 സർക്കാർ ചട്ടപ്രകാരവും പുറംപോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നുണ്ട്.

(ബി ആന്റ് സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ചട്ടപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതാണ്.

കുടികിടപ്പുകാർക്ക് പട്ടയം

6 [3176] ശ്രീ. ഷിബു ബേബി ജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയ ഭൂമിയിൽ താമസിക്കുന്ന കുടികിടപ്പുകാർക്ക് പട്ടയം നൽകേണ്ടത് ലാന്റ് ട്രൈബ്യൂണലുകളാണോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് ട്രൈബ്യൂണലിന്റെ വിധിയില്ലാതെ പട്ടയം നൽകുവാൻ റവന്യൂ അധികാരികൾക്ക് അധികാരം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;